**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2410** **23-02-2026-ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് നെടുമങ്ങാട് അരുവിക്കര വെള്ളനാട് റോഡ് നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. വി. ഡി. സതീശൻ

ശ്രീ. ജി. സ്റ്റീഫൻ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി ഫണ്ട് ഉപയോഗിച്ച് നെടുമങ്ങാട് അരുവിക്കര വെള്ളനാട് റോഡ് നവീകരണത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

**മറുപടി:** നെടുമങ്ങാട് അരുവിക്കര വെള്ളനാട് റോഡിന്റെ നവീകരണത്തിന് കിഫ്ബി 29/12/2015-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 144.375 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയാണ് നൽകിയിട്ടുള്ളത്. കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നിർവ്വഹണം നടത്തുന്ന പ്രസ്തുത റോഡ് പ്രവൃത്തി മൂന്ന് റീച്ചുകളായി തിരിച്ചാണ് പ്രവൃത്തി പുരോഗമിക്കുന്നത്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി റീച്ച് തിരിച്ച് ചുവടെ ചേർക്കുന്നു.

നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ് റീച്ച്-1 ൽ നെടുമങ്ങാട് മുതൽ അരുവിക്കര വരെയുള്ള റോഡ് (കി.മീ 0/000 മുതൽ 4/950 വരെ) വികസനവുമായി ബന്ധപ്പെട്ടുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതും ഇതിന്റെ ഭാഗമായി 11 (1) വിജ്ഞാപനം 28/12/2024-ന് പുറപ്പെടുവിച്ചിട്ടുള്ളതും ആണ്. ഏറ്റെടുക്കുന്ന നിർമ്മിതികളുടെയും വസ്തുവിന്റെയും വാല്യൂവേഷൻ, സർവ്വെ പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുമെന്നാണ് പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിരിക്കുന്നത്.

നെടുമങ്ങാട് അരുവിക്കര വെള്ളനാട് റോഡ് റീച്ച് 2-ൽ (കി.മീ 4/950 മുതൽ 6/600 വരെ) ഉൾപ്പെട്ട അരുവിക്കര ജംഗ്ഷൻ വികസനം ഉൾപ്പെടെയുള്ള ഭാഗത്ത് 07/11/2025-ലെ കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്. നിലവിൽ സംരക്ഷണ ഭിത്തി, കലുങ്ക് നിർമ്മാണ പ്രവൃത്തികൾ നിലവിൽ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തി 16.11.2026-ന് പൂർത്തീകരിക്കുന്നതാണെന്നാണ് പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിരിക്കുന്നത്.

നെടുമങ്ങാട് അരുവിക്കര വെള്ളനാട് റോഡ് റീച്ച് 2-ൽ അരുവിക്കര ഡാം മുതൽ കുളക്കോട് വരെയുള്ള (കി.മീ 6/600 മുതൽ 10/100 വരെ) ഫുൾ ഡെപ്ത് റീക്ലമേഷൻ (FDR) സാങ്കേതിക വിദ്യയിലാണ് പ്രവൃത്തി നിർവ്വഹിക്കുന്നത്. 15/06/2024-ലെ കരാർ ഉടമ്പടി പ്രകാരം ആരംഭിച്ച് പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നിലവിൽ ബി.സി പ്രവൃത്തി 70% പ്രവർത്തികൾ പൂർത്തീകരിച്ചു. ഇതിൽ ബി.സി പ്രവൃത്തികളും ഉൾപ്പെടുന്നു. നിലവിൽ ഓട, കലുങ്ക് ഉടങ്ങിയ നിർമ്മാണ പ്രവൃത്തികൾ

പുരോഗമിക്കുന്നു. 2026 ഏപ്രിൽ മാസത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്നാണ് പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**